പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)

## പത്താമത് റിപ്പോർട്ട്

(2015 ജൂലൈ 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി(2004-2006)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (കോഴിക്കോട് സർവ്വകലാശാല ജീവനക്കാരിയായ ശ്രീമതി പി.ഇ. ഉഷയ്ക്ക് നേരിടേണ്ടിവന്ന പീഡനം സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)**

**പത്താമത് റിപ്പോർട്ട്**

(2015 ജൂലൈ 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (കോഴിക്കോട് സർവ്വകലാശാല ജീവനക്കാരിയായ ശ്രീമതി പി.ഇ. ഉഷയ്ക്ക് നേരിടേണ്ടിവന്ന പീഡനം സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

953/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 14 |

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ഡോ. എൻ. ജയരാജ്

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ് . സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണു ഗോപാൽ, അണ്ടർ സെക്രട്ടറി

ശ്രീ. സന്തോഷ്കുമാർ, ആർ. എസ്., അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കോഴിക്കോട് സർവ്വകലാശാല ജീവനക്കാരിയായ ശ്രീമതി പി. ഇ. ഉഷയ്ക്ക് നേരിടേണ്ടിവന്ന പീഡനം സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളുടെയും സർക്കാർ റിപ്പോർട്ടുകളുടെയും തെളിവെടുപ്പുകളുടെയും വെളിച്ചത്തിൽ തയ്യാറാക്കിയ സമിതി (2004-06)യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (കോഴിക്കോട് സർവ്വകലാശാല ജീവനക്കാരിയായ ശ്രീമതി പി. ഇ. ഉഷയ്ക്ക് നേരിടേണ്ടിവന്ന പീഡനം സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട്) 2005 ആഗസ്റ്റ് 11-ന് സഭയിൽ സമർപ്പിച്ചിരുന്നു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

(2015 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.)

ഡോ. എൻ. ജയരാജ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും*
*വികലാംഗരുടെയും ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 27.

# റിപ്പോർട്ട്

കോഴിക്കോട് സർവ്വകലാശാലയിലെ ജീവനക്കാരിയായ ശ്രീമതി പി. ഇ. ഉഷ, 1999 ഡിസംബർ 29-ാം തീയതി രാത്രി 8 മണിക്ക് കോഴിക്കോട് നിന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്വാർട്ടേഴ്സിലേക്ക് ബസിൽ യാത്ര ചെയ്യവേ വികലമനസ്സിനുടമയായ ഒരു സാമൂഹ്യവിരുദ്ധന്റെ വിക്രിയകൾക്ക് വിധേയയാകേണ്ടി വരികയും തുടർന്ന് പോലീസ് സ്റ്റേഷനിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും അവഹേളനവും വ്യക്തിഹത്യയും ഏൽക്കേണ്ടി വരികയും ചെയ്തത് സമൂഹമനസ്സാക്ഷിയെ ഞെട്ടിച്ച സംഭവമായിരുന്നു. ഇത് സംബന്ധിച്ച് 2000 ആഗസ്റ്റ് 20-ലെ മലയാള മനോരമ പത്രത്തിന്റെ ഞായറാഴ്ച പതിപ്പിൽ 'ഈ ലോകം ഒരു പെണ്ണിനോടും ചെയ്യരുതാത്തത്' എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനം സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിന്റെ അടിയന്തരപ്രാധാന്യം മനസ്സിലാക്കി സമിതി പ്രസ്തുത വിഷയം സ്വമേധയാ പരാതിയായി പരിഗണിച്ച് നടത്തിയ അന്വേഷണങ്ങളുടെയും സർക്കാർ റിപ്പോർട്ടുകളുടെയും തെളിവെടുപ്പുകളുടെയും വെളിച്ചത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006) തയ്യാറാക്കിയ പന്ത്രണ്ടാമത് റിപ്പോർട്ട് 2005 ആഗസ്റ്റ് 11-ന് നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിൽ ആകെ 10 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതി ശിപാർശകളിന്മേൽ അനന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 7-2-2006-ൽ ആഭ്യന്തരം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തു. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ഏതാനും ചില ശിപാർശകളിന്മേൽ റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ 18-1-2012-ൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തിയിരുന്നു. തുടർന്ന് പ്രസ്തുത ശിപാർശകളിന്മേലും ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

സമിതി (2004-2006)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭ്യമായ അനന്തരനടപടി സ്റ്റേറ്റ്മെന്റുകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും ആയതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

953/2015.

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | 2 | 3 |
| 1 | ശ്രീമതി പി. ഇ. ഉഷയ്ക്ക് ബസ്സിൽ വച്ചുണ്ടായ ദുരനുഭവങ്ങളുടെ നിഴൽപറ്റി അവരുടെ ആത്മധൈര്യത്തെ ഇല്ലാതെയാക്കി ഒരു ജീവിതം തന്നെ അവസാനിപ്പിക്കുവാൻ പാകത്തിൽ ഹീനങ്ങളായ സാഹചര്യങ്ങളാണ് ഈ സംഭവവുമായി ബന്ധപ്പെട്ട് ഉണ്ടായത് എന്ന് നിയമസഭാ സമിതി ബലമായി സംശയിക്കുന്നു. ഇത് വ്യക്തിപരമോ രാഷ്ട്രീയമോ ആയ വൈരാഗ്യത്തിന്റെ പേരിലായിരിക്കാം എങ്കിലും വിദ്യാസമ്പന്നരും ഒരു പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുമായ ഉഷയുടെ സഹപ്രവർത്തകരിൽ ചിലരെങ്കിലും പ്രവർത്തിച്ചത് അതിക്രൂരവും ക്രിമിനൽ മനഃസ്ഥിതിയോടെയുള്ളതുമായിരുന്നുവെന്ന് സമിതിക്ക് പറയാതെ വയ്യ. ഒരു സ്ത്രീയോട് അവളുടെ സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിൽ പെരുമാറിയ സംഭവത്തെ സംഘടനാ തലത്തിലെടുത്ത് അപഹസിക്കുകയും ലാഭം നേടുകയും ചെയ്യുന്ന തരത്തിലേക്ക് കേരളത്തിലെ രാഷ്ട്രീയ സംഘടനാപ്രവർത്തനങ്ങൾ തരം താണിരിക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നില്ല. എങ്കിലും | (3-10-2013-ലെ 53899/ജെ1/2013/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി) ശ്രീമതി പി. ഇ. ഉഷയ്ക്ക് ബസ്സിൽ വച്ചുണ്ടായ ദുരനുഭവത്തിന് ഫറോക്ക് പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്ത പ്രകാരം ഫറോക്ക് പോലീസ് രജിസ്റ്റർ ചെയ്ത 2/2000 നമ്പർ കേസ് അന്വേഷണം പൂർത്തിയാക്കി 9-10-2000-ൽ ബഹു. ജെ.എസ്.സി.എം.-5 കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും പ്രതിയായ ബി. രമേഷ് എന്നവരെ 30-12-2005-ന് സെക്ഷൻ 354 ഐ.പി.സി. പ്രകാരം 2 വർഷത്തെ കഠിന തടവിനും സെക്ഷൻ 509 ഐ.പി.സി. പ്രകാരം 6 മാസം വെറും തടവിനും ബഹു. കോടതി ശിക്ഷിച്ചിട്ടുണ്ട്.<br>(റിപ്പോർട്ട് 2013 ഡിസംബർ 18-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| | അത്തരം ഒരാരോപണത്തിന് വഴി വയ്ക്കുന്ന വിധത്തിൽപ്പെട്ട ചിലതൊക്കെ യൂണിവേഴ്സിറ്റി കാമ്പസിനകത്തും നടന്നു. ഇത് ചില വികല മനസ്സുകളുടെ വിക്രിയയായി മാത്രം സമിതി വീക്ഷിക്കുന്നു. കോഴിക്കോട് സർവ്വകലാശാലാ കാമ്പസിൽ ഉഷ ജോലി ചെയ്യരുത് എന്നാഗ്രഹിക്കുന്ന ചിലരുണ്ടായി രുന്നിരിക്കും. അവരുടെ വൃത്തികെട്ട തന്ത്രങ്ങളുടെ പരിണിത ഫലമാണ് ഈ സംഭവങ്ങ ളൊക്കെയെന്ന് സമിതി കരുതുന്നു. അതിനാൽ, ഇത്തരം വികല മനസ്സുകളുടെ ഉടമകൾക്ക് രക്ഷപ്പെടാൻ പഴുതുണ്ടാകാത്ത വിധത്തിൽ മാതൃകാ പരമായി ശിക്ഷ നൽകി സമൂഹത്തിന് നന്മ നിറഞ്ഞ പാഠം സമ്മാനിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 35). | |
| 2 | സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും *വിശാഖ* Vs. *രാജസ്ഥാൻ ഗവൺമെന്റ്* കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിലുള്ള കമ്മിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 36). | (17-5-2007-ലെ 27709/ബി1/2005/ ഉവിവ. നമ്പർ കത്ത് മുഖേന ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടി) കേരള സർവ്വകലാശാല, മഹാത്മാ ഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നീ സ്വയംഭരണ സ്ഥാപനങ്ങളിൽ കോടതി വിധിയുടെ |

| 1 | 2 | 3 |
|---|---|---|
| | | അടിസ്ഥാനത്തിലുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. (റിപ്പോർട്ട് 2009 മേയ് 5-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) [30-10-2013-ലെ 53897/ബി3/2013/ആഭ്യ. (2) നമ്പർ കത്ത് മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി] സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-06)യുടെ 12-ാമത് റിപ്പോർട്ടിലെ 36-ാം ഖണ്ഡികയിൽ ശിപാർശ ചെയ്തിട്ടുള്ള പ്രകാരം, *വിശാഖ Vs. രാജസ്ഥാൻ ഗവൺമെന്റ്* കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിലുള്ള കമ്മിറ്റികൾ ആഭ്യന്തര വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ വനിതാ ജീവനക്കാർ ഉള്ള എല്ലാ ഓഫീസുകളിലും ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. (റിപ്പോർട്ട് 2013 ഡിസംബർ 18-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |
| 3 | പി. ഇ. ഉഷ 29-12-1999-ന് ബസ്സിൽ യാത്ര ചെയ്യുന്ന സമയത്ത് അവർ ധരിച്ചിരുന്ന വേഷം ചുരിദാറായിരുന്നു. | (17-1-2008-ലെ 51292/എച്ച്3/2005/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി) |

| 1 | 2 | 3 |
|---|---|---|
| | എന്നാൽ, പോലീസ് രേഖകളിൽ സാരിയാണ് ധരിച്ചിരുന്നത് എന്ന് തെറ്റായി രേഖപ്പെടുത്തിയത് കുറ്റവാളിയെ സംരക്ഷിക്കാനാണ് എന്ന് സമിതി കരുതുന്നു. മൊഴി മാറ്റി രേഖപ്പെടുത്തിയ പോലീസുദ്യോഗസ്ഥൻ നിർദ്ദയമായ ശിക്ഷ അർഹിക്കുന്നു. അതുപോലെ പ്രതിയെ തൊട്ടടുത്ത ദിവസം രാമനാട്ടുകരയിൽ നിന്ന് അറസ്റ്റ് ചെയ്തുവെന്ന് തെറ്റായി രേഖപ്പെടുത്തിയതും ഈ കേസിന്റെ ഗതി തേച്ചുമാച്ചുകളയാനേ ഉപകരിക്കു. ഈ രണ്ട് കുറ്റകൃത്യങ്ങളും സംശയാതീതമായി തെളിഞ്ഞതായി ഗവൺമെന്റ് റിപ്പോർട്ട് വെളിപ്പെടുത്തുന്നുമുണ്ട്. കുറ്റവാളികളായ പ്രസ്തുത പോലീസുദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ അവർക്കെതിരെയുള്ള ശിക്ഷാ നടപടി സ്ഥലംമാറ്റവും ഇൻക്രിമെന്റ് തടയലും മാത്രമാണ്. പ്രതിയിൽ നിന്ന് തെളിവെടുക്കാൻ അയാളെ ആശുപത്രി യിൽ ഹാജരാക്കേണ്ടതിന് പകരം പരാതിക്കാരിയെ ആശുപത്രിയിലേക്ക് പറഞ്ഞയച്ച എസ്.ഐ.യുടെ പ്രവൃത്തി ദുരുദ്ദേശപരമായിരുന്നു എന്ന് സമിതി കരുതുന്നു. പ്രതിയെയും സംഭവം നടന്ന അന്നുതന്നെ ശേഖരിച്ച ചുരിദാറും | ടി സംഭവത്തിൽ കുറ്റാരോപിതൻ പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. എം. എം. രാഘവൻ കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതിനും ഔദ്യോഗിക പെരുമാറ്റ ദൂഷ്യത്തിനും വകുപ്പ് തലത്തിൽ വിശദമായ വാച്യാന്വേഷണം നടത്തുകയും ആരോപിത കുറ്റങ്ങൾ തെളിഞ്ഞതിനാൽ ടിയാന്റെ 2 വർഷത്തേക്കുള്ള വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ യല്ലാതെ തടഞ്ഞ് കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കേസിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അന്വേഷണം നടത്തി ശിക്ഷ നൽകിക്കഴിഞ്ഞു. ആയതിനാൽ ക്രിമിനൽ നടപടിചട്ടം പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടില്ല.<br>(റിപ്പോർട്ട് 2009 മേയ് 5-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| | ഡോക്ടറുടെ പരിശോധനയ്ക്കുവേണ്ടി സംഭവദിവസം തന്നെ ഹാജരാക്കാതിരുന്നതും കേസ് തേച്ചുമാച്ച് കളയാനുള്ള ഉദ്ദേശത്തിന്റെ ഭാഗമായിരുന്നുവെന്ന് നിയമസഭാ സമിതി കണ്ടെത്തി. ഡോക്ടറുടെ അടുക്കൽ എസ്. ഐ. എത്തുന്നതുപോലും ഉഷ ഫോൺ ചെയ്ത് വരുത്തിയിട്ടാണ്. ഉത്തരവാദിത്വത്തിൽനിന്ന് ഒളിച്ചോടുകയായിരുന്നു എസ്. ഐ. എന്നത് വ്യക്തം. പരാതിക്കാരിയോട് അപമര്യാദയായി പെരുമാറുകയും കേസന്വേഷണത്തിൽ അനാസ്ഥയും കൃത്യവിലോപവും കാണിക്കുകയും കേസിന്റെ ഗതി മാറ്റാൻ ബോധപൂർവ്വം ശ്രമം നടത്തുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി ചട്ടം അനുസരിച്ചുള്ള കേസ് ചാർജ് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 37). | |
| 4 | അസമയത്ത് സ്റ്റേഷനിൽ പരാതിയുമായെത്തിയ അതിക്രമത്തി നിരയായ വ്യക്തി സ്ത്രീയായിരുന്നിട്ടും പരാതി രേഖപ്പെടുത്തുവാൻ പേപ്പർ ' ഇല്ല കാർബൺ പേപ്പർ ഇല്ല എന്നൊക്കെ പറഞ്ഞ് ബന്ധപ്പെട്ടവർ അവരെ ബുദ്ധിമുട്ടിച്ചത് ശരിയായില്ലെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. | (1-10-2013-ലെ67514/ഇ 3/2013/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി) 12-ാമത് റിപ്പോർട്ടിലെ 38-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ കർശന നടപടി സ്വീകരിക്കുന്നതിനായി, 25-7-2013-ലെ കെ9/54615/2013 നമ്പർ കത്ത് പ്രകാരം, സംസ്ഥാന |

| 1 | 2 | 3 |
|---|---|---|
| | സ്ത്രീകൾക്ക് അസമയത്ത് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ നിർഭയം പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകുന്നതിനുള്ള സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനിലും ഉണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 38). | പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. (2013 ഡിസംബർ 18- ാം തീയതിയിലെ യോഗത്തിൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.) |
| 5 | ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകേണ്ടിവരുന്ന സ്ത്രീകൾ പരാതി സമർപ്പിക്കുന്നതിന് പോലീസ് സ്റ്റേഷനുകളിലെത്തുമ്പോൾ അശ്ലീലം നിറഞ്ഞ ചോദ്യങ്ങളുപയോഗിച്ച് മനോവീര്യം നഷ്ടപ്പെടുത്തുവാൻ ശ്രമിക്കുന്നത് സാധാരണ സംഭവമാണെന്ന് സമിതി കരുതുന്നു. പരാതിക്കാരെ നിരുത്സാഹപ്പെടുത്തുന്ന ഇത്തരം പ്രവണത അവസാനിപ്പിച്ച് കൂടുതൽ പക്വമതികളായി ജനത്തോട് ഇടപെടുന്നതിന് പ്രാപ്തരാകും വിധമുള്ള പരിശീലനങ്ങളും ഓറിയന്റേഷൻ കോഴ്സുകളും സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനിലും നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 39). | (21-2-2009-ലെ24572/എ 2/2008/ ആഭ്യന്തരം നമ്പർ കത്തു മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകേണ്ടിവരുന്ന സ്ത്രീകൾ പരാതി സമർപ്പിക്കുന്നതിന് സ്റ്റേഷനിൽ വരുമ്പോൾ അവരോട് എങ്ങനെ പെരുമാറണം, എങ്ങനെ ഇത്തരം കേസുകൾ കൈകാര്യം ചെയ്യണം എന്നത് സംബന്ധിച്ച് എല്ലാ പോലീസുകാർക്കും പരിശീലനം നൽകാൻ പോലീസ് ഡയറക്ടർ ജനറൽ ബന്ധപ്പെട്ട പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ട്രെയിനിംഗ്, ഡയറക്ടർ, കേരള പോലീസ് അക്കാഡമി, തൃശ്ശൂർ, പ്രിൻസിപ്പൽ, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവർക്കും എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും സിറ്റി പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കത്തുകളുടെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

| 1 | 2 | 3 |
|---|---|---|
| | സമിതി ആവശ്യപ്പെട്ട അധികവിവരം<br>2009 മേയ് 5-ാം തീയതിയിലെ യോഗത്തിൽ ടി റിപ്പോർട്ട് പരിഗണിച്ച സമിതി, ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകേണ്ടി വരുന്ന സ്ത്രീകളുടെ പരാതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് എല്ലാ പോലീസുകാർക്കും പരിശീലനം നൽകണമെന്നുള്ള നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ വച്ചാണ് പരിശീലനം നൽകിയിട്ടുള്ളതെന്നും, പരിശീലന പരിപാടി കൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ള തെന്നും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടു. | (4-10-2010-ലെ24572/എ 2/2008/ ആഭ്യന്തരം നമ്പർ മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി)<br>സ്ത്രീകളുടെ പരാതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി, ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നിയമങ്ങളും, ചട്ടങ്ങളും, അന്വേഷണ നടപടിക്രമങ്ങളും സംബന്ധിച്ച പ്രത്യേക പരിശീലനം വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പരിശീലനം വഴി സ്ത്രീ പീഡന കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുവാനും, അന്വേഷണ വേളയിൽ പീഡനത്തിനിരയായവരോട് സൗമ്യവും മനുഷ്യത്വപരവുമായി പെരുമാറുവാനും സഹായിച്ചിട്ടുണ്ട്. ആയതിനാൽ സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനിൽ എത്തി പരാതി ബോധിപ്പിക്കുവാനുള്ള വൈമനസ്യം കുറഞ്ഞിട്ടുണ്ട്. വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.<br>(അധിക വിവര റിപ്പോർട്ട് 2011 മാർച്ച് 9-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| 6 | ശ്രീമതി പി. ഇ. ഉഷയുടെ കേസ്സിൽ പരാതി സംബന്ധിച്ച കാര്യങ്ങൾ രഹസ്യ സ്വഭാവത്തോടെ കൈകാര്യം ചെയ്യേണ്ടിയിരുന്നുവെങ്കിലും അവരുടെ ജോലി സ്ഥലത്തെ നേതാക്കളുമായും കേസുമായി ബന്ധപ്പെടാത്ത പലരുമായും പ്രസ്തുത പരാതി കാര്യങ്ങൾ പോലീസുദ്യോഗസ്ഥർ അനാവശ്യമായി ചർച്ച ചെയ്യുകയും ഇത് പരാതിക്കാരിയുടെ ജോലിസ്ഥലത്ത് അവർക്ക് പീഡനങ്ങൾ അനുഭവിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്തു. ജോലിസ്ഥലത്തെ പ്രശ്നങ്ങൾ ബോധിപ്പിക്കാൻ പോലീസ് സ്റ്റേഷനിൽ പരാതിക്കാരി എത്തിയപ്പോൾ അവിടെ നാട്ടുകാർ തടിച്ചുകൂടുകയും പരാതിക്കാരിക്ക് അവിടെ നിന്നും രക്ഷപ്പെടേണ്ടിവരുകയും ചെയ്യുവാനുണ്ടായ സാഹചര്യം സൃഷ്ടിച്ചതിന് കാരണം പോലീസ് രഹസ്യസ്വഭാവത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയം കേസുമായി ബന്ധമില്ലാത്തവരുമായി ചർച്ച ചെയ്തതു കൊണ്ടാണ്. ആയതിനാൽ പോലീസ് സ്റ്റേഷനിൽ വരുന്ന ഓരോ കേസും അതിന്റെ രഹസ്യ സ്വഭാവം മനസ്സിലാക്കിവേണം കൈകാര്യം ചെയ്യേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു. പി. ഇ. ഉഷയുടെ കേസ്സിൽ പ്രത്യേക രഹസ്യ സ്വഭാവമില്ലാതെ കേസ് കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 40). | [17-1-2008 ലെ55292 എച്ച്3/2005/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര (എച്ച്) വകുപ്പ് ലഭ്യമാക്കിയ മറുപടി]<br>സമിതിയുടെ ശിപാർശ അനന്തര നടപടികൾക്കായി ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.<br>ശ്രീമതി പി. ഇ. ഉഷയുടെ കേസ് രഹസ്യമായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിന് വിശദമായ വാച്യാന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ള ശ്രീ. എം. എ. രാഘവൻ, പോലീസ് സബ് ഇൻസ്പെക്ടർ, ശ്രീ. ശിവദാസൻ, പി. സി. 739, ശ്രീ. നടരാജൻ, എച്ച്.സി. 1895 എന്നിവർക്ക് ശിക്ഷാ നടപടികളുടെ ഭാഗമായി വാർഷിക വേതന വർദ്ധനവ് തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br>[21-2-2009-ലെ 24572/എ 2/2008/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര (എ) വകുപ്പ് ലഭ്യമാക്കിയ മറുപടി]<br>സ്ത്രീകൾ പരാതിക്കാരായി സമർപ്പിക്കുന്ന പരാതികളിന്മേൽ അന്വേഷണ വേളയിൽ പരമാവധി സ്വകാര്യത സ്വീകരിക്കാനും അനാവശ്യവും ദ്വയാർത്ഥമുള്ളതുമായ ചോദ്യങ്ങൾ ചോദിച്ച് വനിതാ പരാതിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ഒഴിവാക്കാനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും പോലീസ് കമ്മീഷണർമാർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

| 1 | 2 | 3 |
|---|---|---|
| | | ശ്രീമതി പി. ഇ. ഉഷയുടെ കേസ് നിരുത്തരവാദപരമായി കൈകാര്യം ചെയ്ത ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെമേൽ താഴെ പറയും വിധം ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:<br>(1) ശ്രീ. എം. എം. രാഘവൻ സബ് ഇൻസ്പെക്ടർ, തേഞ്ഞിപ്പാലം-വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞു.<br>(2) ശ്രീ. ശിവദാസൻ, പി.സി. 739—വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞു.<br>(3) ശ്രീ. കെ. നടരാജൻ, എച്ച്. സി. 1895—വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടഞ്ഞിട്ടുണ്ട്.<br>(4) ശ്രീ. ഉണ്ണികൃഷ്ണൻ, പി.സി. 2869 — ടിയാനെതിരെ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരനാണെന്ന് തെളിയാത്ത തിനാൽ കുറ്റവിമുക്ത നാക്കിയിട്ടുണ്ട്. (റിപ്പോർട്ടുകൾ 2009 മേയ് 5-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |
| 7 | പോലീസുകാരുടെ ഭാഗത്തുനിന്നും ഒരു സ്ത്രീയെന്ന നിലയിൽ പരാതിക്കാരിക്ക് ലഭിക്കേണ്ടത് നീതിപൂർവ്വമായ പ്രവൃത്തിയാണ്. ആയത് ലഭ്യമാക്കുന്ന തിനും ഈ കേസ്സിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പ് ലഭിക്കുന്നതിനുമായി | (3-10-2013-ലെ53899/ജെ1/2013/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി) പോലീസിന്റെ ഭാഗത്തുനിന്നും മേൽ കേസന്വേഷണംശരിയായ ദിശയിലാണ് നടന്നിട്ടുള്ളത്. ആയതുകൊണ്ടാണ് പ്രതിയെ ബഹു. കോടതി ശിക്ഷിച്ചിട്ടുള്ളത്. |

| 1 | 2 | 3 |
|---|---|---|
| | ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനമുണ്ടാകണമെന്ന് സമിതി കരുതുന്നു. അതിനായി ശിപാർശ ചെയ്യുകയും ചെയ്യുന്നു (ഖണ്ഡിക 41). | (റിപ്പോർട്ട് 2013 ഡിസംബർ 18-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |
| 8 | ഈ കേസുമായി ബന്ധപ്പെട്ട് കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ ജീവനക്കാരനായ പ്രകാശൻ ഉഷയ്ക്കെതിരായി അപവാദ പ്രവർത്തനങ്ങളിലൂടെ നീതിരഹിതമായ നടപടി നടത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രകാശനെതിരെ വകുപ്പുതല ശിക്ഷാ നടപടി കൈക്കൊള്ളണമെന്ന് സമിതി സർക്കാരിനോടും യൂണിവേഴ്സിറ്റിയോടും ശിപാർശ ചെയ്യുന്നു. ഡെപ്യൂട്ടേഷൻ കഴിഞ്ഞ് യൂണിവേഴ്സിറ്റിയിൽ തിരിച്ചെത്തുന്ന ഉഷയ്ക്ക് മനഃസമാധാനത്തോടെ പ്രവർത്തിക്കാൻ പാകത്തിൽ ശ്രീ. പ്രകാശന് സ്ഥലംമാറ്റം നൽകാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 42). | (17-5-2007-ലെ 27709/ബി1/2005/ ഉ. വി. വ. നമ്പർ കത്ത് മുഖേന ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടി) ശിക്ഷയുടെ ഭാഗമായി ശ്രീ. പ്രകാശനെ സസ്പെന്റ് ചെയ്യുകയുണ്ടായി. അന്ന് സർവ്വകലാശാലയിൽ നിലവിലുണ്ടായിരുന്ന പരാതി കമ്മിറ്റിയും പുറമെ നിന്നുള്ള ഏജൻസിയും അന്വേഷണം നടത്തിയ ശേഷം ശ്രീ. പ്രകാശനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചെങ്കിലും ഇപ്പോൾ സർവ്വകലാശാലയുടെ മുഖ്യ കെട്ടിടത്തിൽ നിന്നും അകലെയുള്ള വകുപ്പിലാണ് പ്രകാശൻ ജോലി ചെയ്യുന്നത്.<br>(റിപ്പോർട്ട് 2009 മേയ് 5-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |
| 9 | ഇത്രയേറെ ചർച്ച ചെയ്യപ്പെടുകയും സംസ്ഥാന വനിതാ കമ്മീഷനും നിയമസഭാ സമിതിയും ഇടപെട്ടിട്ടും കേസ്സിന്മേലുള്ള നടപടി പൂർത്തീകരിക്കുന്നതിന് ഇനിയും കാലതാമസമുണ്ടാകുന്നുവെന്നത് അത്യന്തം അപലപനീയമാണ്. ആയതിനാൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി വേണ്ട വകുപ്പുകൾ ചേർത്ത് | (3-10-2013-ലെ 53899/ജെ1/2013/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി) ശ്രീമതി ഉഷ സമർപ്പിച്ച പരാതി പ്രകാരം കേസ്സെടുക്കുകയും 9-10-2000 തീയതി പ്രതിക്കെതിരെ ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും 30-12-2005 തീയതി ബഹു. കോടതി പ്രതിയെ |

| 1 | 2 | 3 |
|---|---|---|
| | അന്തിമ റിപ്പോർട്ട് കോടതിയിലെത്തിക്കണമെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 43). | 2 വർഷം കഠിന തടവിനും 6 മാസം വെറും തടവിനും ശിക്ഷിച്ചിട്ടുണ്ട്. (റിപ്പോർട്ട് 2013 ഡിസംബർ 18-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |
| 10 | ബസ്സിൽ വച്ചുണ്ടായ ദൗർഭാഗ്യകരമായ ഒരു സംഭവത്തിന്റെ പേരിൽ സ്വന്തം കുടുംബജീവിതവും ആത്മാഭിമാനവും നഷ്ടപ്പെട്ട നിരാലംബയായ ഒരു സ്ത്രീക്ക് കോടതികളിലും അധികാര സ്ഥാനങ്ങളിലും നിരന്തരമായി പരാതിപ്പെട്ടിട്ടും അന്തസ്സോടെ സ്വന്തം തൊഴിൽ സ്ഥാപനത്തിലെത്തി തൊഴിലെടുക്കുന്നതിനുള്ള സാഹചര്യം സംഭവം കഴിഞ്ഞ് നാലര വർഷം കഴിഞ്ഞിട്ടും ലഭിച്ചിട്ടില്ലായെന്നത് മേലധികാരികളുടെ പിടിപ്പ് കേടാണെന്ന് സമിതി കണ്ടെത്തുന്നു. ഈ സംഭവത്തിലെ പരാതിക്കാരിയായ ശ്രീമതി പി.ഇ. ഉഷ ഇപ്പോൾ സർവ്വകലാശാലയുമായി ബന്ധമില്ലാത്ത ഒരു സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുകയാണ്. മറ്റുള്ളവർ കൽപ്പിച്ച് നൽകിയ അജ്ഞാതവാസം യൂണിവേഴ്സിറ്റിയിലെ അന്വേഷണങ്ങളും കണ്ടെത്തലുകളും പ്രഹസനം പോലെയാണ് സമിതിക്ക് അനുഭവപ്പെട്ടത്. പരാതിക്കാരിയുടെ ഔദ്യോഗിക ജീവിതത്തിലെ പ്രമോഷനുകൾ ലഭിക്കേണ്ടതും സേവനകാലം പൂർത്തീകരിക്കേണ്ടതും കോഴിക്കോട് സർവ്വകലാശാലയിലാണ്. ആയതിനാൽ | (17-5-2007-ലെ27709/ബി1/2005/ ഉ.വി.വ. നമ്പർ കത്ത് മുഖേന ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടി) പുറമെ നിന്നുള്ള ഒരു ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന ശിപാർശ പരിഗണിച്ച് തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജ് സെലക്ഷൻ ഗ്രേഡ് ലക്ചറർ ആയ ശ്രീമതി ടി.പി. രാജലക്ഷ്മിയും സർവ്വകലാശാലയുടെ കംപ്ലൈയന്റ്സ് കമ്മിറ്റിയും അന്വേഷണം നടത്തുകയും കമ്മിറ്റിയുടെ റിപ്പോർട്ട് വൈസ് ചാൻസലർ അംഗീകരിക്കുകയും ചെയ്തു. ഇപ്പോൾ പി. ഇ. ഉഷ അഹാഡ്സ് എന്ന സ്ഥാപനത്തിൽ ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്യുകയാണ്. ഇത് സ്വന്തം ഇഷ്ടപ്രകാരമാണെന്നും സർവ്വകലാശാലയുടെ പ്രേരണ പ്രകാരമല്ല എന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവ്വകലാശാലയിൽ വീണ്ടും ജോലിയിൽ പ്രവേശിക്കുവാൻ പി. ഇ. ഉഷ ഇതുവരെ സർവ്വകലാശാലാ അധികൃതരെ സമീപിച്ചിട്ടില്ല. (റിപ്പോർട്ട് 2009 മേയ് 5-ാം തീയതിയിലെ യോഗത്തിൽ സമിതി അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| | പരാതിക്കാരിയെ പരസ്യമായി തേജോവധം ചെയ്ത് വ്യക്തിഹത്യ നടത്തിയ പ്രകാശനൽപ്പെടെ യുള്ളവർക്കെതിരെ സ്വതന്ത്രവും നീതിപൂർവ്വകവുമായ അന്വേഷണം പുറമെ നിന്നുള്ള ഒരു ഏജൻസിയെക്കൊണ്ട് നടത്തണ മെന്നും കുറ്റവാളികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണ മെന്നും ക്രിമിനൽ സ്വഭാവമുള്ള കുറ്റകൃത്യങ്ങൾ ചെയ്തുവെന്ന് കണ്ടെത്തിയാൽ ആ വിവരം പോലീസ് വകുപ്പിന് കൈമാറി കേസ് കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 44). | |

**ഡോ. എൻ. ജയരാജ്,**
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും*
*വികലാംഗരുടെയും ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 27.

<u>അനുബന്ധം I</u>

<u>നിയമസഭ /അടിയന്തിരം.</u>

<u>നം.കെ9/54615/2013</u>
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
കേരള, തിരുവനന്തപുരം
തീയതി. /07/2013

സംസ്ഥാന പോലീസ് മേധാവി

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും.

സർ,

വിഷയം : കേരള നിയമസഭ – സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004 – 2006) യുടെ 12-ാമത് റിപ്പോർട്ട് സംബന്ധിച്ച്

സൂചന : 12.07.2013 ലെ സർക്കാർ കത്ത് നമ്പർ 67894/ഇ3/13/ ആഭ്യന്തരം.

....

മേൽ വിഷയത്തിലേക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിയ്ക്കുന്നു.

സ്ത്രീകൾക്ക് അസമയത്ത് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ നിർഭയം പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകുന്നതിനുള്ള സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനിലും ഉണ്ടാക്കണമെന്ന് കേരള നിയമസഭ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-06) യുടെ 12-ാമത് റിപ്പോർട്ടിലെ 38-ാം ഖണ്ഡികയിൽ ശുപാർശ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ശുപാർശയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകേണ്ടതാണ്. ശുപാർശയുടെ പ്രസക്ത ഭാഗം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

അനുബന്ധം II (a)

**No.K9/69743/02**
Police Headquarters,
Kerala, Thiruvananthapuram,
Dated 26-2-2008

From

The Director General of Police

To

The Additional Director General of Police,
Training

Sir,

Sub:- KLA -Committee on the Welfare of Women, Children and Handicapped (2004-06) 12th report-Reg

Ref:- Govt. lr.No.24572/A2/07/Home dtd 14.8.07

Please refer to the above.

Kerala Legislative Assembly Committee in its 12th report, para 39 has observed that when Women Victims of sexual harassment approach Police Stations with a complaint they are questioned by using obscene terms/language which causes to loose their mental courage and confidence.

Kerala Legislative Assembly Committee further recommends that such discouraging practices should be stopped and as a remedial measure orientation and training courses be conducted for all Police personnel to enhance their capabilities to handle such cases with maturity and understanding.

Hence keeping in view the recommendations of KLA Committee, future training programmes may include the above subject also.

Yours faithfully,
26/2/08
for Director General of Police

അനുബന്ധം II (b)

**No.K9/69743/02**
Police Headquarters,
Kerala, Thiruvananthapuram,
Dated 26 -2-2008

From

The Director General of Police

To

The Director,
Kerala Police Academy,
Thrissur

The Principal,
Police Training College

Sir,

Sub:- KLA -Committee on the Welfare of Women, Children and Handicapped (2004-06) 12th report-Reg

Ref:- Govt. lr.No.24572/A2/07/Home dtd 14.8.07

Please refer to the above.

Kerala Legislative Assembly Committee in its 12th report, para 39 has observed that when Women Victims of sexual harassment approach Police Stations with a complaint they are questioned by using obscene terms/language which causes to loose their mental courage and confidence.

Kerala Legislative Assembly Committee therefore recommends that such discouraging practices should be stopped and as a remedial measure orientation and training courses be conducted for all Police personnel to enhance their capabilities to handle such cases with maturity and understanding.

Hence the above subject may also be included to the training courses of the trainees in future.

Yours faithfully,

for Director General of Police

CY 25/2

അനുബന്ധം II (c)

No.K9/69743/2002
POLICE HEADQUARTERS,
Kerala, Thiruvananthapuram-10
Dated: /05/2008

From
The Director General of Police.

To
All Superintendents of Police
and
Commissioners of Police of District and Cities.

Sir,

Sub:- KLA Committee on the Welfare of Women, Children and Handicapped (2004-06) 12th report - Reg.

Ref:- Govt. Lr.No.24572/A2/07/Home (A) Dept dated 14.08.07.

...

Kerala Legislative Assembly Committee in its 12th report, para 39 has observed that when women victims of sexual harassment approach Police Stations with a complaint they are questioned by using obscene terms/ language which causes them to loose their mental courage and confidence.

Kerala Legislative Assembly Committee therefore recommends that such discouraging practices should be stopped and as a remedial measure orientation and training courses be conducted at all Police Stations for all Police personnel to enhance their capabilities to handle such cases with maturity and understanding.

Hence you are directed to conduct brief orientation/ training courses at District Headquarters on the above subject and report compliance.

Yours faithfully,

8/5/08

for Director General of Police.

Copy to: Zonal Additional Directors General of Police/ Range Inspectors General of Police for information.

***

## അനുബന്ധം III

| | |
|---|---|
| AR ക്യാമ്പ് തിരു: സിറ്റി | 27/10/2009 – 28/10/2009 |
| | 3/11/2009 – 4/11/2009 |
| | 10/11/2009 – 11/11/2009 |
| | 17/11/2009 |
| | 18/11/2009 |
| | 20/11/2009 |
| | 30/11/2009 |
| | 1/12/2009 |
| AR കോൺഫറൻസ് ഹാൾ, കൊല്ലം | 23/3/2010 – 27/3/2010 |
| AR ക്യാമ്പ്, ആലപ്പുഴ | 4/3/2009 – 5/3/2009 |
| AR ക്യാമ്പ്, കോട്ടയം | 24/3/2009 – 25/3/2009 |
| റോട്ടറി ക്ലബ് ആഡിറ്റോറിയം, ആലപ്പുഴ | 12/10/2009 – 13/10/2009 |
| AR ക്യാമ്പ്, കോട്ടയം | 3/11/2009 – 4/11/2009 |
| | 6/11/2009 – 7/11/2009 |
| | 10/11/2009 – 11/11/2009 |
| പോലീസ് ക്ലബ്, തൃശൂർ | 10/3/2009 – 11/3/2009 |
| | 18/8/2009 – 19/8/2009 |
| കോൺഫറൻസ് ഹാൾ, ഡി.പി.ഒ, മലപ്പുറം | 3/3/2009 – 4/3/2009 |
| | 10/11/2009– 11/11/2009 |
| കോപ്രപ വേൻ ആഡിറ്റോറിയം, വടകര | 29/10/2009 – 30/10/2009 |
| റെസ്റ്റ് ഹൗസ്, കൽപ്പറ്റ | 12/3/2009 – 13/3/2009 |
| SKMJHS സ്കൂൾ, കൽപ്പറ്റ | 17/11/2009 – 18/11/2009 |
| MGT ഹാൾ, കൽപ്പറ്റ | 28/1/2010 – 29/1/2010 |
| | 4/2/2010 – 5/2/2010 |
| പോലീസ് ക്ലബ്, കോഴിക്കോട് | 22/10/2009 – 23/10/2009 |
| | 31/10/2009 |
| AR ക്യാമ്പ്, കാസർകോട് | [illegible]/11/2009 – 6/11/2009 |
| | [illegible]/11/2009 – 13/11/2009 |
| KEPA, തൃശൂർ | 17/7/2006 – 22/7/2006 |
| | 4/8/2008 – 8/8/2008 |
| | 26/5/2009 – 30/5/2009 |
| | 17/5/2010 – 21/5/2010 |